I/151966/2024

നമ്പർ: DHS/15720/2023-(ED2) ED1

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി:06-02-2024

## നോട്ടീസ്

വിഷയം:- അ.വ.ഡ. - ജീവനക്കാര്യം - ശ്രീ. രാജു സി.ആർ., സീനിയർ ക്ലാർക്ക് പ്രൊമോഷൻ നൽകിയത് - സംബന്ധിച്ച് -

സൂചന:- 1)നം: എ2-6760/23/ജി.മെ.ഓ. എറണാകുളം, തീയതി: 02/08/2023
2)ഉത്തരവ് നം: ഇഡി1/03/2015/ആ.വ.ഡ., തീയതി: 07/12/15.

പട്ടിക ജാതി /പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർ പ്രൊമോഷന് വേണ്ട വകുപ്പ് തല പരീക്ഷ പാസ്സായിട്ടില്ലെങ്കിലും KS&SSR Part II Rule 13A (1)(a), 13 A (2) എന്നിവ പ്രകാരം അവർക്കു താൽക്കാലിക പ്രൊമോഷന് അർഹതയുണ്ട്. അവർ പ്രൊമോഷൻ ടെസ്റ്റ് യോഗ്യത യഥാ സമയം നേടിയിരുന്നെങ്കിൽ പ്രമോഷൻ ലഭിക്കുമായിരുന്ന തീയതിമുതൽ മൂന്നു വർഷത്തേഷത്തേക്കാണ് ടെസ്റ്റ് ഇളവിന് അർഹത. എന്നാൽ അപ്രകാരം ടെസ്റ്റ് ഇളവിൽ താൽക്കാലിക പ്രൊമോഷൻ ലഭിക്കുന്ന പട്ടിക ജാതി /പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർ പ്രസ്തുത മൂന്നു വർഷത്തിനകം പ്രൊമോഷൻ ടെസ്റ്റ് പാസ്സാകാത്ത പക്ഷം അത്തരം ഉദ്യോഗസ്ഥരെ പ്രൊമോഷൻ പോസ്റ്റിൽ നിന്നും റിവേർട്ട് ചെയ്യണമെന്ന് Rule 13 A (2) അനുശാസിക്കുന്നു.

2. എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. രാജു സി.ആർ. -ന് സൂചന 2 പ്രകാരം SC/ST പ്രൊട്ടക്ഷന്റെ അടിസ്ഥാനത്തിൽ ടെസ്റ്റ് ഇളവോടുകൂടി സീനിയർ ക്ലാർക്ക് തസ്തികയിൽ താൽക്കാലിക പ്രൊമോഷൻ നൽകിയെങ്കിലും നിശ്ചിത സമയത്തിനുള്ളിൽ ടിയാൻ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സായിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ ടിയാന് സീനിയർ ക്ലാർക്ക് തസ്തികയിൽ തുടരുന്നതിന് അർഹതയില്ലാത്തതാണ്. ആയതിനാൽ ശ്രീ. രാജു സി.ആർ.-നെ സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേക്ക് റിവേർട്ട് ചെയ്യാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു .

4. ആയതിൻമേൽ ആക്ഷേപമുള്ളപക്ഷം ഈ നോട്ടീസ് ലഭിച്ച് ഏഴു ദിവസത്തിനുള്ളിൽ പ്രസ്തുത ആക്ഷേപം രേഖാമൂലം ബന്ധപ്പെട്ട ഓഫീസ് മേധാവി മുഖേന ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം അക്ഷേപങ്ങളൊന്നും ഇല്ലെന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

Signed by
Abul Kalam M
Date: 06-02-2024 16:28:59
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ് ,

I/151966/2024

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആ ) എറണാകുളം
2. ശ്രീ. രാജു സി.ആർ.-,സീനിയർ ക്ലാർക്ക്,ജില്ലാ മെഡിക്കൽ ഓഫീസ് ,എറണാകുളം

പകർപ്പ്: ഫയൽ/കരുതൽ ഫയൽ